"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

മൃഗസംരക്ഷണ വകുപ്പ്- ലൈവ് സ്റ്റോക്ക് ഹെൽത്ത് ആൻഡ് ഡിസീസ് കൺട്രോൾ (LHDCP) പദ്ധതിയുടെ കീഴിൽ വരുന്ന മൊബൈൽ വെറ്ററിനറി യൂണിറ്റ് (MVU) രണ്ടാം ഗഡു (Mother Sanction) ലഭ്യമായതിന്റെ കേന്ദ്ര വിഹിതവും ആനുപാതിക സംസ്ഥാന വിഹിതവും റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

മൃഗസംരക്ഷണ (ജി) വകുപ്പ്

സ.ഉ.(സാധാ) നം.164/2026/AHD തീയതി,തിരുവനന്തപുരം, 15-03-2026

---

പരാമർശം:- 1. കേന്ദ്ര സർക്കാരിന്റെ 30-01-2026-ലെ K-11/68/2022-LH (E-22689) നമ്പർ കത്ത്

2. കേന്ദ്ര സർക്കാരിന്റെ 14/07/2025 ലെ No. K-11/68/2022-LH നമ്പർ കത്ത്

3. 27/06/2025 തീയതിയിലെ GO(Rt) No.5459/2025/FIN ഉത്തരവ്

4 26.08.2025 തീയതിയിലെ G.O(Rt) No.6937/2025/Fin നമ്പർ ഉത്തരവ്

5 12.09.2025 ലെ G.O(Rt) No.559/2025/AHD സർക്കാർ ഉത്തരവ്

6 മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 26/02/2026 തീയതിയിലെ AHD/615/2025-B1 നമ്പർ കത്ത്

7 05.03.2026 ലെ സ.ഉ (സാധാ) നം. 2279/2026-ധന നമ്പർ ഉത്തരവ്

ഉത്തരവ്

2025-26 സാമ്പത്തിക വർഷത്തെ ESVHD- മൊബൈൽ വെറ്ററിനറി യൂണിറ്റിന്റെ (MVU) രണ്ടാം ഗഡു (Mother Sanction) 1,73,05,000/- രൂപ (ഒരു കോടി എഴുപത്തി മൂന്ന് ലക്ഷത്തി അയ്യായിരം രൂപ മാത്രം) പരാമർശം(1) പ്രകാരം അനുവദിച്ചിട്ടുണ്ട്. ഇതിന് ആനുപാതികമായ സംസ്ഥാന വിഹിതവും പദ്ധതി നടത്തിപ്പിനായി ആവശ്യമായ തുകകളും സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു. ഈ സാമ്പത്തിക വർഷം ബാക്കിയുള്ള കാലയളവിലേക്ക് മൊത്തം 146.75 ലക്ഷം രൂപയാണ് പദ്ധതി നടത്തിപ്പിനായി ആവശ്യമായി വരുന്നത്. ഇതിന്റെ ഘടകങ്ങൾ

തിരിച്ചുള്ള വിവരം താഴെ പറയും പ്രകാരമാണ്:

| Component | Central Share (Lakhs) | State Share (Lakhs) | Total (Lakhs) |
|---|---|---|---|
| General | 46.28 | 30.85 | 77.13 |
| SCSP | 29.84 | 19.89 | 49.73 |
| TSP | 11.93 | 7.95 | 19.88 |
| Total | 88.05 | 58.70 | 146.75 |

നിലവിൽ ബജറ്റ് ശീർഷകങ്ങളിൽ ലഭ്യമായ തുകകൾ ഉൾപ്പെടുത്തി 101.99 ലക്ഷം രൂപ റീ-അപ്രോപ്രിയേഷൻ വഴി അനുവദിച്ച നൽകേണ്ടതുണ്ടെന്ന് പരാമർശം(6) പ്രകാരം മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു. .

| To Head of Account | Re-appropriation From 2403-101-65-01-00-00-PV2403-101-65-01-00-00-PV (Lakhs)(Lakh | Re-appropriation From 2403-101-65-02-00-00-P2403-101-65-02-00-00-PV (Lakhs)V (Lakhs | Total Re-appn (Lakhs) |
|---|---|---|---|
| 2403-00-101-62-02-00-00-PV | 77.13 | - | 77.13 |
| 2403-00-789-92-02-00-00-PV | - | 4.98 | 4.98 |
| 2403-00-796-92-02-00-00-PV | - | 19.88 | 19.88 |
| Total | 77.13 | 24.86 | 101.99 |

കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭ്യമായ പരാമർശം(2) കത്ത് പ്രകാരം, ആദ്യഗഡു മദർ സാങ്ക്ഷൻ ലഭിയ്ക്കുകയും, പരാമർശം(3) പ്രകാരം 2024 25 സാമ്പത്തിക വർഷം റിജെക്റ്റ് ചെയ്ത ബില്ലുകൾ റീ പ്രോസസ്സ് ചെയ്യുന്നതിനായി ഉത്തരവ് നല്കിയിട്ടുണ്ട്.

പരാമർശം(4) ,(5) എന്നിവ പ്രകാരം MVU പദ്ധതിയ്ക്കായി SCSP ഘടകത്തിൽ 26.85 ലക്ഷം രൂപ കേന്ദ്ര വിഹിതവും 17.9 ലക്ഷം രൂപ സംസ്ഥാന വിഹിതവും ചേർത്ത് ആകെ 44.75 ലക്ഷം രൂപ റീ അപ്പ്രോപ്രിയേഷൻ അനുമതിയും ഭരണാനുമതിയും പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ബില്ലുകൾ ഈ വർഷം മാറുന്നതിനുള്ള ഉത്തരവ് ലഭ്യമല്ലാത്തതിനാൽ, മൊബൈൽ വെറ്ററിനറി യൂണിറ്റ് SCSP ഘടകത്തിൽ, 2403-00-789-92-02-00-00-PV ശീർഷകത്തിൽ നിലവിൽ ലഭ്യമായ ഈ തുക രണ്ടാം ഗഡു മദർ സാങ്ക്ഷനിൽ ഉൾപ്പെടുത്തി വിനിയോഗിക്കുന്നതിനുള്ള ഭരണാനുമതിയും ആവശ്യമാണെന്ന് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ പരാമർശം(6) അഭ്യർത്ഥിച്ചിരുന്നു. ആയതിനാൽ പദ്ധതി നടത്തിപ്പിനായി ആകെ 101.99 ലക്ഷം രൂപ റീ-അപ്രോപ്രിയേഷൻ വഴി അനുവദിച്ചും, മേൽ സൂചിപ്പിച്ച 44.75 ലക്ഷം രൂപ വിനിയോഗിക്കാനുള്ള അനുമതി നൽകിയും ഉത്തരവാകണമെന്ന് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു

കൂടാതെ, പദ്ധതി നിർവ്വഹണത്തിനായി ഇത്തരത്തിൽ റിലീസ് ചെയ്യുന്ന തുക ലൈവ്സ്റ്റോക്ക് ഹെൽത്ത് ആന്റ് ഡിസീസ് കൺട്രോൾ പദ്ധതിയുടെ കീഴിൽ വരുന്ന മൊബൈൽ വെറ്ററിനറി യൂണിറ്റിനായി (MVU) RBI യിൽ തുടങ്ങിയിട്ടുള്ള SNA SPARSH അക്കൗണ്ട് വഴി ചെലവഴിക്കുന്നതിനുള്ള അനുമതി നൽകണമെന്നും മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു

ബാങ്ക് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

GOKLSPARSH LH AND DC MVU KL 372 : A/C No.01585701093

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരമാർശം (7) ലെ നിബന്ധനകളും വ്യവസ്ഥകളും പാലിച്ച് കൊണ്ട് കൃത്യമായ H/A-ലെ തുക വിനിയോഗിക്കുന്നിനായി, ലൈവ് സ്റ്റോക്ക് ഹെൽത്ത് ആൻഡ് ഡിസീസ് കൺട്രോൾ (LHDCP) പദ്ധതിയുടെ കീഴിൽ വരുന്ന മൊബൈൽ വെറ്ററിനറി യൂണിറ്റ് SCSP ഘടകത്തിലെ തുകയായ 44.75 ലക്ഷം രൂപ നിരസിക്കപ്പെട്ട (Rejected) ബില്ലുകൾ റീ പ്രോസസ്സ് ചെയ്യുന്നതിനും, രണ്ടാം ഗഡു മദർ സാങ്ഷനിൽ അനുവദിച്ചിരിക്കുന്ന മറ്റു SCSP ചെലവുകൾക്ക് 4.98 ലക്ഷം രൂപയും 2403-00-789-92-02-00-00-PV ശീർഷകത്തിൽ നിന്നും വിനിയോഗി ക്കാവുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

Establishment and Strengthening of Veterinary Hospitals and Dispensaries - Mobile Veterinary Units (ESVHD- MVUs) ' നടപ്പിലാക്കുന്നതിനായി പുതുതായി അവതരിപ്പിച്ച SNA-

SPARSH സംവിധാനത്തിനായി രൂപകൽപ്പന ചെയ്ത ഫണ്ട് ഫ്ലോ മെക്കാനിസത്തിന് അനുസൃതമായി, 2025-26-ലെ കേന്ദ്ര വിഹിതം, സംസ്ഥാന വിഹിതത്തിന്റെ സിംഗിൾ ബജറ്റ് ലൈനിൽ നിന്നുള്ള അനുബന്ധ സംസ്ഥാന വിഹിതം എന്നിവയോടൊപ്പം അനുവദിക്കുന്നതിനാണ് ഈ തുക അനുവദിച്ചിരിക്കുന്നത്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

മിൻഹാജ് അലം ഐ എ എസ്

അഡീഷണൽ ചീഫ് സെക്രട്ടറി

മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം പ്രിൻസിപ്പൽ അക്കാണ്ടന്റ്റ് ജനറൽ (എ&ഇ)/ ഓഡിറ്റ്) കേരള, തിരുവനന്തപുരം

ധനകാര്യ അഗ്രി (ബി) വകുപ്പ്

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ)

സ്റ്റോക്ക് ഫയിൽ / ഓഫീസ് കോപ്പി (G1/156/2025-AH

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ബഹു: മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ മന്ത്രിയുടെ പി.എസ് -ന്

മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ സി.എയ്ക്ക്

മൃഗസംരക്ഷണ വകുപ്പ് സെക്രട്ടറിയുടെ സി.എയ്ക്ക്